2025 - 2026

# അക്കാദമിക മാസ്റ്റർ പ്ലാൻ

ശ്രേയ എൽ. പി. എസ്

ഇരുട്ടിമൂട്

BRC - പാലോട്

പഞ്ചായത്ത് - വാമനപുരം

ജില്ല - തിരുവനന്തപുരം

## ആമുഖം

ആറ്റിങ്ങൽ വിദ്യാഭ്യാസ ജില്ലയിലെ പാലോട് ഉപജില്ലയിൽ വാമനപുരം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റ് - എയിഡഡ് വിദ്യാലയമാണ് നമ്മുടെ ശ്രേയ എൽ.പി. എസ് ആട്ടുകാട്ൽ പ്രവർത്തനം ആരംഭിച്ച് പ്രീ-പ്രൈമറി ഉൾപ്പെടെ കുട്ടികളുമായി പ്രവർത്തിച്ചു പോരുന്നു. പ്രധാനാധ്യാപികയും ഒരധ്യാപികയുമാണ് സ്ഥിരം അധ്യാപകർ

പാലോട് ഉപജില്ലയിൽ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ മികവു കാട്ടുന്ന സ്കൂളുകളിൽ നമ്മുടെ സ്കൂളും ഇടംനേടിയിട്ടുണ്ട്

നമ്മുടെ സ്കൂളിന്റെ 1 Km ചുറ്റളവിൽ 2 ഗവൺമെന്റ് LP, UP സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ നിരവധി ഗവൺമെന്റ്, എയിഡഡ്, അൺഎയിഡഡ് സ്കൂളിലേക്കും കുട്ടികൾ പഠനത്തിനായി പോകുന്നുണ്ട്. ആയതിനാൽ കുട്ടികളുടെ എണ്ണം നമ്മുടെ സ്കൂളിൽ കുറവാണ്. ഇത് പോഴും പ്രതിസന്ധിയായി തുടരുന്നു.

## പൊതുലക്ഷ്യങ്ങൾ

ഈ (2025 - 2026) വർഷം സമഗ്ര ഗുണമേന്മാ വർഷമായി നാം ഏറ്റെടുക്കുമ്പോൾ തുല്യത ഉറപ്പുവരുത്തി ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും നൽകുക എന്നതുമാണ് പ്രധാന ലക്ഷ്യം.

ഭാഷാ ശേഷി വികസനം, ഗണിതശേഷി വികസനം
ഇംഗ്ലീഷ് പഠന പരിപോഷണം, ശാസ്ത്ര പോഷണ പരിപാടി
വായന, ലൈബ്രറി ശാക്തീകരണം, ലബോറട്ടറി ആധുനികവൽക്കരണം
നാടകക്കളരി ജൈവവൈവിധ്യ പാർക്ക് പഠനയാത്രകൾ
കലാ-കായികമേള ടൈഡി പരിശീലനം ക്ലാസ്സ് PTA സജീവമാ
സ്കൂൾ പത്രം / മാസിക, പ്രവൃത്തി പരിചയ പഠനം, എസ്. ആർ. ജി
ശാസ്ത്രാഭിരുചി വളർത്തൽ പച്ചക്കറിത്തോട്ടം, രചനാശില്പ-
ശാലകൾ അഭിമുഖങ്ങൾ മെഡിക്കൽക്യാമ്പ്, പോഷകാഹാര
പരിപാടി, പാവനാടകപരിശീലനം, ഗണിതലാബ്, ഭാഷാലാബ്
ബാല, ബ്ലോഗ്, ടേം മൂല്യനിർണയം, നിരന്തരവിലയിരുത്തൽ
ദിനാചരണം കായികപഠനം എന്നിവ ഉൾപ്പെടുത്ത്
കുട്ടികളെ പരിശീലിപ്പിക്കുകയെന്ന ലക്ഷ്യം കൈവരിക്കാൻ
വിവിധ പരിശീലനങ്ങൾ PTA MPTA SMC, മാനേജ്മെന്റ്
എന്നിവരുടെ സഹായത്താൽ നല്കുന്നു.

ഭൗതികരംഗത്ത് ഈ 2025-സ്കൂൾവർഷം
ബഹുമാന്യനായ സ്കൂൾ മാനേജർ സ്കൂൾ അന്തരീക്ഷം ശിശു
സൗഹൃദമാക്കി മെച്ചപ്പെടുത്തി. (കെട്ടിടം പുതുക്കിപ്പണിത് ചിത്രാലയമാക്കി)

പി.ടി.എ ശക്തിപ്പെടുത്തൽ, വിദ്യാലയ-പൂർവ്വ
വിദ്യാർത്ഥി-അദ്ധ്യാപക സംഘടനകൾ ശക്തിപ്പെടുത്തൽ
ഗ്രന്ഥശാല, ക്ലബ്ബുകൾ എന്നിവയുമായി സാമൂഹ്യബന്ധങ്ങൾ
ശക്തിപ്പെടുത്തൽ വിദ്യാലയ മികവുകൾ സമൂഹത്തെ അറിയി-
ക്കാനുള്ള ഇടങ്ങൾ കണ്ടെത്തി സാമൂഹികക്കൂട്ടായ്മയോടെ
പ്രവർത്തിക്കുക എന്നതാണ് നമ്മുടെ ലക്ഷ്യങ്ങളിലൊന്ന്.

**മേഖല - അക്കാദമികം**

ഉപമേഖല - ഭാഷാപഠനം

പ്രവർത്തനത്തിന്റെ പേര് - തേൻമൊഴി

ലക്ഷ്യം - അടിസ്ഥാനഭാഷാശേഷി വികസനം.

**പ്രവർത്തനം - ക്ലാസ്സ് - ഒന്ന്** (അടിസ്ഥാന ഭാഷാശേഷി വികസനം)

| | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|
| - **കുട്ടിപ്പാട്ടുകൾ, കഥകൾ** ആനന്ദം, താളം, ഭാവം കൊട്ടിപ്പാടൽ, സംഘടിപ്പിക്കൽ | ജൂൺ - സെപ്റ്റംബർ | ക്ലാസ്ടീച്ചർ രക്ഷിതാക്കൾ | അദ്ധ്യാപിക. |
| - **അമ്മക്കഥകൾ** - അമ്മമാർ കുട്ടികൾക്ക് കഥകൾ അവതരിപ്പിക്കുന്നു. | ജൂൺ - ഒക്ടോബർ | ക്ലാസ്ടീച്ചർ മറ്റദ്ധ്യാപകർ രക്ഷിതാക്കൾ | PTA,, MPTA |
| **ചിത്രക്കാർഡുകൾ, അക്ഷരക്കാർഡുകൾ നിർമ്മാണം** - അമ്മമാരുടെ കൂട്ടായ്മകൾ പ്രയോജനപ്പെടുത്തുന്നു. | ജൂൺ - സെപ്റ്റംബർ | രക്ഷിതാക്കൾ ക്ലാസ്സദ്ധ്യാപിക കുട്ടികൾ | ക്ലാസ്സദ്ധ്യാപിക |
| **സർഗ്ഗാത്മക സംയുക്തഡയറി** Class PTA യിലൂടെ പ്രവർത്തന വിശകലനം നടത്തി ആശയവിശദീകരണത്തിലൂടെ കുട്ടികളുടെ ഡയറികളുടെ ഉടക്കം. | ജൂൺ - മാർച്ച് | രക്ഷിതാക്കൾ അദ്ധ്യാപിക കുട്ടികൾ | CPTA |

| | | | |
|---|---|---|---|
| വായനാവീട് | | | |
| കുട്ടികളുടെ വീടുകളിൽ വായനശാലകൾ സജ്ജീകരണം | ജൂൺ | രക്ഷിതാക്കൾ<br>അദ്ധ്യാപകർ | രക്ഷിതാക്കൾ<br>SMC |
| നിഴൽനാടകങ്ങൾ | | | |
| - പാഠഭാഗത്തിലെ കഥാപാത്രങ്ങളെ സ്വന്തം ശബ്ദത്തിൽ ഭാവാഭിനയത്തോടെ അവതരിപ്പിക്കുന്നു. അതിലെ ശബ്ദം ശരീരഭാഷ എന്നിവയ്ക്ക് പ്രാധാന്യം നൽകി അവതരിപ്പിക്കുന്നു. കൂടാതെ കഥാപാത്രങ്ങളുടെ കട്ടൗട്ടുകൾ തയ്യാറാക്കി ശബ്ദം നൽകി അവതരിപ്പിക്കുന്നു. | ജൂൺ- മാർച്ച് | രക്ഷിതാക്കൾ<br>അദ്ധ്യാപകർ<br>പ്രദേശത്തെ പ്രഗത്ഭർ-<br>അവതാരകർ | രക്ഷിതാക്കൾ<br>SRG |

RAMSONS

**ക്ലാസ്സ് - 2. ഭാഷ**

ലക്ഷ്യം - ആശയവ്യക്തതയോടെ വായിക്കാനും എഴുതാനും പ്രയോഗിക്കാനുമുള്ള ശേഷി കൈവരിക്കുക.

പ്രവർത്തനം - കുട്ടിപ്പാട്ടുകൾ, വായ്ത്താരികൾ എന്നിവ സംഘം ചേർന്ന് അവതരിപ്പിക്കുന്നു.
- സ്വന്തമായ രചനകൾ തയ്യാറാക്കൽ
- സർഗാത്മക ഡയറിക്കുറിപ്പുകൾ തയ്യാറാക്കൽ
- ചൊല്ലുകൾ, വായ്ത്താരികൾ, കടങ്കഥകൾ എന്നിവ തിരിച്ചറിയുന്നു.
- ലഘുവിവരണങ്ങൾ, കഥകൾ എന്നിവ സ്വന്തമായി കണ്ടെത്തി അവതരിപ്പിക്കുന്നു.
- ലഘു സംഭാഷണങ്ങൾ കഥാപാത്രങ്ങൾക്കനുസൃതമായി അവതരിപ്പിക്കുന്നു.
- വായന വീടുകൾ പുനഃക്രമീകരിക്കൽ
- കുട്ടിയുടെ രീതിയിൽ, ഭാഷയിൽ പുസ്തകവിശകലനം
-

കാലം - ജൂൺ മുതൽ ഫെബ്രുവരിവരെ

ചുമതല - SRG, SMC, ക്ലാസ്സധ്യാപിക.

സാമ്പത്തികം - SRG, PTA.

**ക്ലാസ്സ് - 3. ഭാഷ -**

ലക്ഷ്യം - ആശയവ്യക്തമായ ഭാഷയിൽ ലേഖനപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന്
- സ്വതന്ത്രഭാഷയിൽ ആശയവ്യക്തതയോടെ പറയുന്നതിന്
- വായന, നിത്യജീവിതത്തിന്റെ ഭാഗമാക്കൽ

RAMSONS

പ്രവർത്തനം - സാഹിത്യ സർഗ്ഗാത്മക രചനകൾ തയ്യാറാക്കൽ
- പൊതു ചർച്ചകളിൽ ഏർപ്പെട്ട് അഭിപ്രായങ്ങൾ വ്യക്തമായും സ്വതന്ത്രമായും പറയുന്നു.
- സാഹിത്യകാരന്മാർ, കവികൾ എന്നിവരെ കുറിച്ച് കുറിപ്പുകൾ, ഡോക്യുമെന്ററി തയ്യാറാക്കൽ
- പുസ്തകശേഖരണം, പ്രദർശനം, വിശകലനം.
- ചിത്രഗ്യാലറി, വായനക്കളരി
- നാട്ടുവായന, പ്രാദേശിക വായന (കുട്ടികൾ വായിക്കുന്ന കഥകൾ, സംഭവങ്ങൾ കവിതകൾ എന്നിവയെ ആസ്പദമാക്കി സ്വതന്ത്രമായി തയ്യാറാക്കുന്ന വാങ്മയചിത്രങ്ങൾ വായിച്ച ഭാഗങ്ങളെ പൊതുഇടങ്ങളിൽ പങ്കുവെക്കൽ അയൽവീട് വായനകൾ, സജീവമാക്കൽ പ്രാദേശിക വായനയ്ക്ക് പ്രോത്സാഹനം)
- വായിച്ച കഥാഭാഗങ്ങളെ മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നു.
- നാടകാഭിനയം - പരിശീലനം -
- ICT സാധ്യതകൾ പ്രയോജനപ്പെടുന്ന മികവുകൾ സമൂഹത്തിൽ വ്യാപിപ്പിക്കൽ.

കാലം - ജൂൺ - മാർച്ച്

ചുമതല - SRG, PTA MPTA, SMC,

സാമ്പത്തികം - SRG.

**ക്ലാസ്സ് - 4 - ഭാഷ -**

ലക്ഷ്യം - ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ വായന ശേഷി വളർത്തൽ, സ്വതന്ത്ര ലേഖനം ശക്തിപ്പെടുത്തൽ കവികൾ - കവിതകൾ സ്വതന്ത്രമായി ശേഖരിക്കുന്നു.

RAMSONS

- ICT സ്വതന്ത്രമായി പഠനപ്രവർത്തനങ്ങളിലൂടെ കൈകാര്യം ചെയ്യുന്നു.
- സർഗ്ഗവാസനകൾ തിരിച്ചറിഞ്ഞ് ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ

പ്രവർത്തനങ്ങൾ

- സ്വതന്ത്രമായി ഏതിനേയും കുറിച്ച് സംസാരിക്കാനും ചർച്ചകളിൽ ഏർപ്പെടാനുമുള്ള അവസരമൊരുക്കൽ
- വാങ്മയചിത്രങ്ങളിലൂടെയും സർഗ്ഗാത്മകതയോടെയും ഡയറിക്കുറിപ്പുകൾ തയ്യാറാക്കി അവതരിപ്പിക്കൽ
- എന്റെ വീട് വായനക്കൊരിടം, രക്ഷിതാക്കളുടെ വായന അയൽവീട് വായന, സാമൂഹികവായന, പരിപോഷിപ്പിക്കൽ
- പാഠഭാഗങ്ങളെ ആസ്പദമാക്കി, ക്ലാസ്സ് പ്രവർത്തനങ്ങളെ വീഡിയോകളാക്കി, മാറ്റുന്നു.
- ഭക്ഷണം, പാഴ്ക്കൂട്ട്, നാട്ടുവിഭവങ്ങളെ നിത്യവും ചോറു പാത്രത്തിൽ ഒരിടം നല്കൽ
- പുസ്തകവായന, സാഹിത്യകാരന്മാർ, കവികൾ, മറ്റ് ഭാഷാസ്നേഹികളെക്കുറിച്ച് കൂടുതൽ കണ്ടെത്തലുകൾ നടത്തി ഡോക്യുമെന്ററി തയ്യാറാക്കൽ.
- പുസ്തകപരിചയം നടത്തി, വായനക്കാരെ കൂടുതൽ കണ്ടെത്തൽ
- പ്രദേശവാസികളായ കലാകാരന്മാരെ കണ്ടെത്തി സ്കൂളിന്റെ ഭാഗമാക്കൽ.
- കുട്ടികളുടെ സർഗ്ഗാത്മക പ്രകടനങ്ങൾക്കൊരിടം
- ഭാഷയുടെ സർഗ്ഗാത്മകമായ വികാസമേഖലകൾ കണ്ടെത്തി സ്വന്തം ലേഖനത്തിൽ മാറ്റങ്ങൾ വരുത്തൽ. പത്രവായന നിത്യജീവിതത്തിൽ.

കാലം - ജൂലൈ, ചുമതല - Class Teacher, SRC, PTA, സാമ്പത്തികം - SRG

RAMSONS

# ഗണിതം - മഞ്ചാടി

വേഖല - അക്കാദമികം

യൂണിറ്റ് 1 - (1 മുതൽ 20 വരെയുള്ള സംഖ്യാബോധം സങ്കലനം, വ്യവകലനം, സ്ഥാനവില...)

ലക്ഷ്യം - കളികളും നിർമ്മാണപ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ

- നിത്യജീവിതവുമായി ബന്ധപ്പെടുത്തി ഗണിതം രസകരമാക്കി മാറ്റുന്നു.
- മനഗണിതത്തിന്റെ പ്രാധാന്യം.

പ്രവർത്തനം - ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നു.

1 - 20 വരെ സംഖ്യാബോധം

വലുത്, ചെറുത്, അടുത്ത് - അകലെ, മുകളിൽ - താഴെ, കൂടുതൽ - കുറവ്, ഭാരം കൂടിയത് - കുറഞ്ഞത് ഇടത്, വലത്, മുന്നിൽ - പിന്നിൽ ഇവ തിരിച്ചറിയുന്നതിന് വിവിധ കളികൾ, വസ്തുക്കൾ ഉപയോഗിച്ചുള്ള പ്രവർത്തനം.

1 - 20 വരെ - വലിയ സംഖ്യ ചെറിയ സംഖ്യ വ്യത്യസ്ത കൂട്ടങ്ങൾ, വലിയ കൂട്ടം ചെറിയ കൂട്ടം 5, 10 എന്നീ സംഖ്യകളെ അടിസ്ഥാനമാക്കി സങ്കലനം, വ്യവകലനം എന്നിവ മനഃഗണിതം വഴി പരിശീലനം, അക്ഷരത്തിലും അക്കത്തിലും എഴുതി പരിശീലനം, പരിസരത്തെ ഗണിത പ്രശ്നങ്ങൾ കണ്ടെത്തുന്നു, തിരിച്ചറിയുന്നു. വീട്ടിലെ ഗണിതം, വ്യത്യസ്ത മാർഗങ്ങൾ നാണയങ്ങൾ നോട്ടുകൾ പരിചയപ്പെടുന്നു.

RAMSONS

- സ്ഥാനവില ഒന്ന്, പത്ത്, നൂറ്, ആയിരം (മൂന്ന്) പതിനായിരം വരെ (നാല്) വിവിധ വസ്തുക്കൾ നാണയങ്ങൾ, നോട്ടുകൾ എന്നിവ ഉപയോഗിച്ച് വിവിധ ക്രിയകൾ കണ്ടെത്തി ഗണിതാശയം ഉറപ്പിക്കൽ
- ഗണിതപഠനത്തിൽ താല്പര്യം ജനിപ്പിക്കാൻ ഗണിതപ്പാട്ടുകൾ, ഗണിതക്കളികൾ, പ്രകൃതിയിലെ ഗണിതം പ്രയോജനപ്പെടുത്തൽ
- ഗണിതകിറ്റിലെ സാമഗ്രികൾ ഉപയോഗിച്ച് വിവിധ ഗണിതവസ്തുതകളിൽ ആശയം ഉറപ്പിക്കൽ.
- സങ്കലന - വ്യവകലന വസ്തുതകൾ മനഃഗണിതത്തിലൂടെ ഉറപ്പിച്ച് മറ്റു തലങ്ങളിലേക്ക് (ഗുണനം, ഹരണം) വ്യാപിപ്പിക്കൽ.

പ്രവർത്തനങ്ങൾ

- ഗണിതക്കൂട്ടായ്മ, CPTA യിലൂടെ, പ്രവർത്തനങ്ങൾ വിശദമാക്കൽ.
- കുട്ടികളിൽ ഗണിതം - ലളിതമാക്കാൻ രക്ഷിതാക്കളുടെ സഹായത്തോടെ ഗണിതകിറ്റ് തയ്യാറാക്കൽ
- ഗണിതാഭിരുചി നേടിയവരുമായി സംവദിക്കൽ (ക്വിസ്സ്, മറ്റ് പ്രവർത്തനങ്ങൾ)
- വിശേഷ ഇടവേളകളിൽ കുസൃതിക്കണക്ക്, ഗണിത കേളികൾ സംഘടിപ്പിക്കൽ
- ഗണിതം - ഒറിഗാമി, നിറം, രൂപം എന്നിവയുമായി ബന്ധപ്പെട്ട ഗണിതാശയങ്ങൾ ഉറപ്പിക്കൽ
- ഗണിതോത്സവങ്ങൾ സംഘടിപ്പിക്കൽ
- കച്ചവടക്കളികളിലൂടെ - നാണയങ്ങൾ നോട്ടുകൾ പരിചിതമാക്കി ധാരണ ഉറപ്പിക്കൽ

- ഗണിത ചുമർ നിർമാണം.
- പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പഠനോപകരണങ്ങൾ നിർമാണം (സമയം - ക്ലോക്ക്, അളവ് - സ്കെയിൽ, ത്രാസ്,
- കലണ്ടർ, കളിനോട്ടുകൾ, സ്ഥാനവില പോക്കറ്റ്
10, 100, 1000 കമ്പ് കെട്ടുകൾ, മുത്ത്, മഞ്ചാടി, കുന്നിക്കുരു ഇവ ഉപയോഗിച്ച് വിവിധ ഗണിതാശയങ്ങൾക്കനുസൃതമായി ഉല്പന്നങ്ങൾ നിർമാണം, പ്രയോജനപ്പെടുത്തൽ.
- ഗണിത മാഗസിൻ.
- പ്രായോഗിക പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് മനഗണിതം പ്രോത്സാഹിപ്പിക്കൽ.
- ഗണിതക്വിസ്, പസിൽസ്, പാറ്റേൺ, എന്നിവയുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് പരിശീലനം നല്കൽ.

കാലം - ജൂൺ മുതൽ ഫെബ്രുവരി വരെ.
ചുമതല - ക്ലാസ്സധ്യാപകർ, രക്ഷിതാക്കൾ, കുട്ടികൾ
സാമ്പത്തികം - SRG, SSK.

ക്ലാസ്സ് - ഒന്ന്, രണ്ട് - പരിസരപഠനം
മൂന്ന്, നാല് - മഷിത്തണ്ട്

ലക്ഷ്യം - എന്റെ പരിസരം എന്ന ചിന്ത, അറിവ്, ഉത്കണ്ഠ എന്നിവ തിരിച്ചറിയുന്നതിന്, പ്രവർത്തിക്കുന്നതിന്.
= പ്രകൃതിയിലെ സർവ്വജീവജാലങ്ങളും, മറ്റു വസ്തുക്കളും പരസ്പരം ആശ്രയിച്ചു ജീവിക്കുന്നു എന്ന തിരിച്ചറിവ് നേടുന്നതിന്.
- ശുചിത്വം ആരോഗ്യം എന്നിവ പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നു.
- ഓരോ വ്യക്തിയും സമൂഹത്തിന്റെ ഭാഗമാണ്. എന്ന തിരിച്ചറിവിലേക്ക്.

- ശുചിത്വ സർവ്വേകൾ, പോസ്റ്റർ രചന ശില്പശാലകളിലൂടെ അറിവ് നേടിയെടുക്കൽ
- പ്രകൃതി നടത്തം - ഫീൽഡ് ട്രിപ്പ് - പ്രകൃതിയെ തിരിച്ചറിയൽ
- കൃഷി, തൊഴിൽ, തൊഴിലിടങ്ങൾ ജീവിതത്തിന്റെ ഭാഗമാണ് എന്ന കാഴ്ചപ്പാട് നേടുന്നതിന്
- തൊഴിൽ തൊഴിലുപകരണങ്ങൾ, തൊഴിലാളി തൊഴിലിടങ്ങൾ എന്നിവ ഓരോന്നിനും അർഹമായ പരിഗണനകൾ, അംഗീകാരങ്ങൾ, സംരക്ഷണങ്ങൾ അനിവാര്യമാണ്.
- ചെറിയ ആഘോഷങ്ങളിൽ പങ്കെടുക്കൽ.
- വിവിധ കലാരൂപങ്ങൾ, പട്ടികപ്പെടുത്തൽ, അവയുടെ അവതരണം, വേഷം, ആഭരണങ്ങൾ, ചലനങ്ങൾ ഭാവങ്ങൾ, സംഗീതം, താളം, വാദ്യോപകരണങ്ങൾ എന്നിവ കണ്ടെത്തി അവയെക്കുറിച്ച് കൂടുതൽ അറിവുകൾ നേടുന്നു, ചർച്ചചെയ്യുന്നു,
- പഴങ്ങൾ, പച്ചക്കറികൾ, പൂക്കൾ എന്നിവയെ നിരീക്ഷണം, വർഗീകരണം. പ്രത്യേകതകൾ കണ്ടെത്തൽ പ്രകൃതിയിൽ അവയുടെ പങ്ക് തിരിച്ചറിയൽ
- ചിത്രകലകൾ, ചുമർച്ചിത്രങ്ങൾ, നാടോടികലകൾ ആദിവാസി (ഗോത്ര)കലകൾ അവയെ മുൻനിരയിൽ എത്തിച്ച കലാകാരന്മാർ എന്നിവരെക്കുറിച്ച് അറിവ് നേടുന്നു, കലകളെ അടുത്തറിയുന്നു.
- വാർഡ്, പ്രദേശം, പഞ്ചായത്ത്, ജില്ലാപഞ്ചായത്ത് തുടങ്ങിയ സംവിധാനങ്ങൾ തിരിച്ചറിയൽ
- സമുദായങ്ങൾ അവരുടെ ഭാഷ, ആചാരാനുഷ്ഠാനങ്ങൾ സംസ്കാരം എന്നിവ തിരിച്ചറിയുന്നു
- പൊതുസ്ഥാപനങ്ങൾ, വാർത്താവിനിമയമാർഗ്ഗങ്ങൾ കൂടുതൽ അറിവ് നേടുന്നു

- ജൈവവൈവിധ്യം വിചിത്രമാണ്. അവ തിരിച്ചറിയുന്നതിന്

പ്രവർത്തനങ്ങൾ -

- പരിസരനടത്തം, പ്രകൃതിയിലെ കാഴ്ചകൾ കുട്ടി അടുത്തറിയുന്നു. (ജീവനുള്ള, ജീവനില്ലാത്തവ) പാഠഭാഗവുമായി ബന്ധപ്പെട്ട് നമുക്കാവശ്യമായ ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.
- മൃഗങ്ങൾ, പക്ഷികൾ, ചെറുജീവികൾ, മറ്റ് ജീവജാലങ്ങൾ അവയെ നിരീക്ഷണം, പ്രത്യേകതകൾ കണ്ടെത്തൽ പ്രയോജനങ്ങൾ, സംരക്ഷണങ്ങൾ
- പ്രകൃതി ഇതിഭാസങ്ങളെ തിരിച്ചറിയൽ. അവ ഉണ്ടാകുന്നതിനുള്ള കാരണങ്ങൾ. മനുഷ്യനെ ബാധിക്കുന്ന രീതി ഉണ്ടാകുമ്പോൾ അവയിൽ നിന്നുള്ള സംരക്ഷണം.
- ജലാശയങ്ങളെ തിരിച്ചറിയൽ സംരക്ഷിക്കൽ
- പ്രകൃതിയിലെ കാലാവസ്ഥകൾ, അവയിൽ ഉണ്ടാകുന്ന മാറ്റം തിരിച്ചറിയൽ
- ഭക്ഷണത്തിന്റെ പ്രാധാന്യം, പ്രാദേശിക വിഭവങ്ങൾ
- മറ്റ് നാടൻ വിഭവങ്ങൾ അവ തിരിച്ചറിയൽ. അവയുടെ രുചി, ആരോഗ്യത്തിൽ അവയ്ക്കുള്ള പങ്ക്, അവയുടെ സംരക്ഷണം, വ്യാപനം, എന്നിവയെക്കുറിച്ച് ധാരണ വരുത്തൽ.
- പകർച്ചവ്യാധികൾ, രോഗാണുക്കൾ, അവയുടെ കടന്നുകയറ്റം
- എന്നിവ കണ്ടെത്തി അവ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള മാർഗങ്ങൾ കണ്ടെത്തൽ
- ശുചിത്വം എന്ത്? എങ്ങനെ? സംരക്ഷണം ഇത് ആരോഗ്യവുമായി കോർത്തിണക്കി, ആരോഗ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

RAMSONS

- ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം എന്നിവ വച്ചുപിടിപ്പിക്കൽ
- തൊഴിൽ പ്രാധാന്യം, സംരക്ഷണം, തൊഴിലുപകരണങ്ങൾ
- തൊഴിൽ മേഖലകൾ, സ്ഥാപനങ്ങൾ എന്നിവയെക്കുറിച്ച് അറിയുന്നതിനും, അവിടെയുള്ള ആളുകൾ, അഭിമുഖങ്ങൾ സംഘടിപ്പിക്കൽ
- ലാബ്, ഉപകരണങ്ങൾ, ലഘുപരീക്ഷണങ്ങളെക്കുറിച്ച് കൂടുതൽ അറിവ് പകരൽ, കൈകാര്യം ചെയ്യൽ
- ആകാശക്കാഴ്ചകളെക്കുറിച്ച് കൂടുതൽ അറിവ് നേടി വിവിധ പ്രദർശനങ്ങൾ കണ്ട് അറിവുകൾ നേടുന്ന പരിപാടി
- ആഘോഷങ്ങൾ, ഉത്സവങ്ങൾ, ദിനാചരണങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നു. അവയിൽ പങ്കെടുക്കുകയും അറിവുകൾ നേടുകയും ചെയ്യുന്നു.
- വിവിധ ഇടങ്ങൾ നിരീക്ഷിച്ച്, ശേഖരങ്ങൾ, ഉല്പന്നങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ

കാലം - ജൂൺ മുതൽ മാർച്ച് വരെ
ചുമതല - SRG, PTA MPTA,
സാമ്പത്തികം - SRG,

## ENGLISH - TALK AT ENGLISH

Aims CLASS - 1, 2, 3, 4

- Language ധാരാളമായി കേൾക്കുവാനുള്ള അവസരം
- ആത്മവിശ്വാസത്തോടെ English സ്വതന്ത്രമായി സംസാരിക്കുവാനുള്ള അവസരം സൃഷ്ടിക്കൽ
- ഒഴുക്കോടെ വായിക്കുവാനുള്ള കഴിവ്
- ആശയബോധമായി വായിക്കുവാനും, എഴുതുവാനുമുള്ള ശേഷി കൈവരിക്കൽ
- അക്ഷരത്തെറ്റില്ലാതെ ആശയവ്യക്തതയോടെ എഴുതുവാനുള്ള നേട്ടം കൈവരിക്കൽ.

- സ്വതന്ത്രമായി ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ കൈകാര്യംചെയ്യ
- കാർട്ടൂൺ, കുട്ടികളുടെ സിനിമകൾ, കഥകൾ, പാട്ടുകൾ നിരന്തരം ശ്രവിച്ച് കുട്ടികളുടെ listening speaking ability വർദ്ധിപ്പിക്കുന്നു
- കുട്ടികളിൽ creativity ക്ക് അവസരമൊരുക്കൽ പ്രവർത്തനങ്ങൾ.
  - English, Games, Cartoons, cinemas Stories, action songs, stories എന്നിവയുടെ ഉപയോഗം കൂട്ടുന്നു.
  - Let's talk - അതിഥികളുമായി സംവദിക്കൽ
  - English ബാലസഭ
  - English അസംബ്ലി, One day English
  - class Library, home library
  - Making pictures, Reading cards,
  - Reading corner,
  - kids reading materials. collection ~~and~~ reading, writing
  - Newspaper reading.
  - writing english diary.
  - skit, drama, conversation, story telling.
  - choreography, readers theatre
  - Preparation of Magazines, descriptions
  - writing own stories, songs, riddles.
  - Rollplay.
  - Making toys and presentation of simple skit.
  - Feelilali English Fest.

## - Importance of choreography.

കാലം - ജൂൺ മുതൽ ജനുവരി
ചുമതല - അധ്യാപകർ
സാമ്പത്തികം - SRG

**പ്രവർത്തനകാലങ്ങൾ** - സമഗ്രശിക്ഷണമൊരുവർഷം.
ജൂൺ.

പ്രവേശനോത്സവം, രക്ഷാകർത്തൃബോധവത്ക്കരണം
SRG,
സന്നദ്ധപ്രവർത്തനങ്ങൾ
ബോധവത്ക്കരണ ക്ലാസ്സ്
കുട്ടികൾക്ക് പഠനമികവ് ഉറപ്പാക്കാൻ
• ലഹരിക്കെതിരെയുള്ള പോരാട്ടം
- ട്രാഫിക് നിയമങ്ങൾ പാലിക്കൽ
• ശുചിത്വ മാലിന്യസംസ്കരണം
• ആരോഗ്യ ശീലങ്ങൾ
• ഡിജിറ്റൽ അച്ചടക്കം - (ടാബ്, മൊബൈൽഫോൺ)
• പൊതുമുതൽ സംരക്ഷണം
• പരിസര സമ്പാകരണം

ഇവയെ അനുബന്ധമാക്കി പ്രവർത്തനങ്ങൾ ലളിതമായും ആശയവ്യക്തതയോടെയും അധ്യാപകർ കൈകാര്യം ചെയ്തു നല്കുന്നു.

• ക്ലബ്ബ് പ്രവർത്തനങ്ങൾ
, കഥകൾ പാട്ടുകൾ, കുട്ടിപ്പാട്ടുകൾ, നാടൻപാട്ടുകൾ കൊട്ടിപ്പാടൽ, അവതരണം.

- പ്രകൃതി നടത്തം, ഫീൽഡ് ട്രിപ്പുകൾ
- സർഗ്ഗാത്മക സാഹിത്യകാരെക്കുറിച്ചുള്ള കുറിപ്പുകൾ തയ്യാറാക്കൽ
- ചിത്രകാർഡ്, കഥാകാർഡ് നിർമ്മാണം.
- കളിപ്പാട്ടനിർമ്മാണം, കടങ്കഥാപ്പയറ്റുകൾ
- വായനാവാരം - വായനോത്സവം
- ലൈബ്രറി - വീട് - സ്കൂൾ.
- ഗണിതമൂലകൾ സജ്ജമാക്കൽ
- ഇംഗ്ലീഷ് - Voccabulary - games, cartoons, Stories Songs (hello English)
- ശലഭപ്പാർക്ക്, പച്ചക്കറിത്തോട്ടം.
- **ജൂലായ്.**

- വാർത്തകൾ അവതരണം, പത്രക്വിസ്, പൊതുവിജ്ഞാനം ശക്തിപ്പെടുത്തൽ, ഇംഗ്ലീഷ്, മലയാളം ഭാഷാനിലവാരശാക്തീകരണം ബഷീർ അനുസ്മരണം, ചാന്ദ്രദിനപതിപ്പ്, ക്വിസ്.
- നിർദ്ദേശിക്കുന്ന വിഷയത്തെക്കുറിച്ച് വിവരണം തയ്യാറാക്കി പൊതു അസംബ്ലിയിൽ അവതരിപ്പിക്കൽ
- CPTA,
- സർഗ്ഗവേളകൾ
- ഗണിതക്കളരി

**ആഗസ്റ്റ്**

- CPTA,
- വായന അവലോകനം.
- വീഡിയോസ് തിയേറ്റർ
- പുസ്തകവിശകലനം.

- സ്വാതന്ത്ര്യദിനാഘോഷം.
- അറിവീട്, അയൽവീട് വായന.
- കാർഷികപ്രവർത്തനം
- ശാസ്ത്ര ഗണിത ശാസ്ത്ര സാമൂഹ്യശാസ്ത്രമേളകൾ
- ഓണാഘോഷം
- മൂല്യനിർണയം.

## സെപ്റ്റംബർ

- വായനാമേളകൾ ഉല്ലാസമാക്കൽ
- ഇംഗ്ലീഷ് ഭാഷാ പ്രവർത്തനങ്ങൾ
- അധ്യാപകദിനം
- ഓസോൺ ദിനം
- പച്ചക്കറിവിളവെടുപ്പ്.
- CPTA
-

## ഒക്ടോബർ

- ഗാന്ധിജയന്തി വാരാഘോഷം
- ഇംഗ്ലീഷ്, മലയാളം ഭാഷ പ്രവർത്തനപരിപാടികൾ
- ഫീൽഡ്ട്രിപ്പ്
- കലോത്സവം
- ശാസ്ത്രമേള
- ഗണിതോത്സവം
- CPTA
- ഭക്ഷ്യമേള
- നാട്ടുപാട്ടുകൂട്ടം.

## നവംബർ

- CPTA
- ശിശുദിനാഘോഷം
- സബ്ജില്ലാതലമത്സരങ്ങൾ
- ഗണിതശില്പശാല.
- ഫീൽഡ്ട്രിപ്പ്
- വായന അവലോകനം
- പൊതുവിജ്ഞാനപ്രവർത്തനങ്ങൾ
- അമ്മവായന, അയൽവീട് വായന വിലയിരുത്തൽ
- പുസ്തകപരിചയം
- ഗസ്റ്റ് ക്ലാസ്സുകൾ.

## ഡിസംബർ

CPTA.
വായന- അവലോകനം
ഭക്ഷ്യമേള
ക്രിസ്തുമസ് ദിനാഘോഷം
മൂല്യനിർണയം.

## ജനുവരി

CPTA
വായനോത്സവം
ഗണിതോത്സവം
ഇംഗ്ലീഷ് ഫെസ്റ്റ്
ഫീൽഡ്ട്രിപ്പ്
നാട്ടുപാട്ടുകൂട്ടം.

RAMSONS

Date Page No 20

## ഫെബ്രുവരി

- CPTA,
- പഠനോത്സവം
- വിനോദയാത്ര
- സാഹിത്യ-സാംസ്കാരിക-വായന പ്രോഗ്രാം
- ലഘുപരീക്ഷണ-ഉത്സവം
- വാർഷികാഘോഷം
- കായികോത്സവം

## മാർച്ച്.

- CPTA
- ഫീൽഡ്ട്രിപ്പ്
- LSS - മാതൃകാപരീക്ഷ
- ക്ലബ്ബ്-മേളകൾ
- പഠനോത്സവം
- നാട്ടുപാട്ടുകൂട്ടം
- പ്രാദേശിക PTA കൾ
- കിളിക്കൊഞ്ചൽ - Pre-Primary കലോത്സവം
- CPTA Orientation Programme
- പുസ്തകവിതരണം
- മൂല്യനിർണ്ണയം

## സമഗ്രഗുണമേന്മാ വിദ്യാഭ്യാസം

- ഗംഭീരമായ പ്രവേശനോത്സവം
- CPTA, S.RG
- വിദ്യാപ്രവേശ് (നാനാവിധ പ്രവർത്തനങ്ങൾ)
- ക്ലബ്ബ് രൂപീകരണം.
- ലഹരിക്കെതിരെ പോരാട്ടം (ലഹരിയുടെ മാരകവ്യാപനം
- (ദോഷങ്ങൾ, നാം ചെയ്യേണ്ടത് (നാടകം, ആംഗ്യപ്പാട്ട്...)
- ഇവയുടെ ഉപയോഗം നമ്മുടെ ദൈനംദിന ജീവിതത്തെ എങ്ങനെ ബാധിക്കുന്നു. കൊച്ചുകുട്ടികളോട് നമുക്ക് എങ്ങനെയെല്ലാം ഇടപെടാൻ കഴിയും ചർച്ച, അവതരണം)
- ട്രാഫിക് നിയമങ്ങൾ - റോഡ് നിയമങ്ങൾ സമയബന്ധിതമായി കൃത്യസമയം മുൻനിർത്തിപാലിക്കുക
- ശുചിത്വം- മാലിന്യ സംസ്കരണം - എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തം. വ്യക്തിശുചിത്വം, സാമൂഹ്യശുചിത്വം ശുചിത്വപാലനം ആരോഗ്യസുരക്ഷ- ഈ അവബോധത്തിലേക്ക് എത്തുന്നതിന്. ദൈനംദിന ശുചിത്വ ശീലങ്ങൾ പാലിക്കൽ, ക്ലാസ്സ്, പരിസരം, വീട് വ്യക്തി സമൂഹം എന്നിവിടങ്ങളിലെ ശുചിത്വം ഉറപ്പാക്കൽ.
- ഡ്രൈഡേ, പോസ്റ്റർ നിർമാണം, ആരോഗ്യസർവ്വേ- സ്കൂൾ ശുചിത്വ ക്ലബ്ബിന്റെ മറ്റ് പ്രവർത്തനങ്ങൾ-

### ആരോഗ്യശീലങ്ങൾ-

വൃത്തിയാണ് ശുദ്ധി, വ്യക്തിശുചിത്വം പാലിക്കൽ, ആരോഗ്യമുള്ള ഭക്ഷ്യോല്പന്നങ്ങളുടെ ഉപയോഗം കൃത്യമായ വ്യായാമം (എയ്റോബിക്സ്, സുംബ പരിശീലനങ്ങൾ) കൃത്യനിഷ്ഠയുള്ള കായിക പരിശീലനങ്ങൾ-

RAMSONS

## ഡിജിറ്റൽ അച്ചടക്കം

കുട്ടികൾക്ക് ഇടവേളകളിൽ പഠനവുമായി ബന്ധപ്പെട്ട കാർട്ടൂണുകൾ, ഗെയിമുകൾ എന്നിവ അനായാസം കൈകാര്യം ചെയ്യുന്നതിന് Laptop Projector പരിശീലനം- മൊബൈൽ ഫോണുകളിലെ അമിതാവേശം കുറയ്ക്കാൻ ക്ലാസ്സ് മുറികളിൽ വിഷയബന്ധിതമായി സംവാദത്തിലേർപ്പെടൽ- സെമിനാറുകൾ സംഘടിപ്പിക്കൽ, കാവ്യകേളികൾ.

## പൊതുമുതൽ സംരക്ഷണം

പൊതുസ്ഥാപനങ്ങൾ, പൊതുയിടങ്ങൾ പൊതുമുതൽ എന്നിവ എന്റേതുകൂടിയാണ്. അവ സംരക്ഷിക്കേണ്ടത് എന്റെയും ഉത്തരവാദിത്വം. സാമൂഹ്യ ശുചിത്വത്തിന് പ്രാധാന്യം. പൊതുയിടങ്ങളിൽ പൊതുജനങ്ങൾ കൃത്യമായും പാലിക്കേണ്ട കാര്യങ്ങൾക്ക് പോസ്റ്റർ, പ്ലക്കാർഡുകൾ, നോട്ടീസ് ബോർഡുകൾ സ്ഥാപിക്കൽ.

## പരസ്പര സഹകരണം

സമപ്രായക്കാർ, മുതിർന്നവർ മറ്റ് സഹജീവികൾ എന്നിവരോടും മുതിർന്നവർ മറ്റുള്ളവർ എന്നിവരോടും പരസ്പരം സഹകരിച്ചും ബഹുമാനിച്ചും, സഹവർത്തത്തോടെയും പെരുമാറ്റശീലം പാലിക്കുന്നു.

### സ്കൂൾ ഏറ്റെടുത്ത് നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ.

- വായന, പ്രാദേശിക വായനക്കൂട്ടം, നാട്ടുപാട്ടുകൂട്ടം, നാടകക്കളരികൾ
- ഇംഗ്ലീഷ് ഭാഷാപഠനം ലളിതമാക്കൽ

വൊക്കാബുലറി വികസനം, കോറിയോഗ്രഫി, സ്കിറ്റുകൾ

RAMSONS

പാവനാടകങ്ങൾ, റിഡിൽമേക്കിങ്.
- ഗണിതോത്സവം
- ശാസ്ത്രോത്സവം
- ഭക്ഷ്യമേളകൾ
-